# ഇസ്ലാമിലെ അഭിവാദ്യം

[Malayalam]

# تحية الإسـلام

[ باللغة مليالم ]


സയ്യിദ് സഅ്ഫര്‍ സ്വാദിഖ്

إعداد : سيد صعفر صادق

എഡിറ്റര്‍: മുഹമ്മദ് കുട്ടി കടന്നമണ്ണ

مراجعة : محمد كطي ابوبكر



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
റബ്'വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض
المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

ഇസ്ലാമിലെ അഭിവാദ്യവചനമായ സലാമിന്ന് ആദം നബി (عليه السلام)യോളം പഴക്കമുണ്ട്. ഇനിയത് അവസാനനാൾ വരെ നില നിൽക്കുകയും ചെയ്യുന്നതാണ്. സ്വർഗീയവാസികൾ ഈ വചനം കൊണ്ടാണ് പരസ്പരം അഭിവാദ്യം ചെയ്യുക. അല്ലാഹു പറയുന്നു: ''അതിൽ അവരുടെ അഭിവാദ്യം സലാമാകുന്നു.'' ഈ അഭിവാദ്യം പ്രവാചകാരുടെ ചര്യയും മുത്തഖീങ്ങളുടെ മുദ്രയും ശുദ്ധാത്മാക്ക ളുടെ പതിവുമാകുന്നു. സലാം എന്നുപറഞ്ഞാൽ തന്റെ സുഹൃത്തി ന് അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെയെന്ന പ്രാ ർത്ഥനയാണ്. (അത് തന്റെ കൂട്ടുകാരനും മാതാപിതാക്കൾക്കും ഭാര്യമാർക്കും കുട്ടികൾക്കും ബന്ധുക്കൾക്കും തുടങ്ങിയ എല്ലാ മുസ്ലിംകൾക്കും സലാം പറയൽ കടമയാകുന്നു.) അതിൽ തന്റെ ഗ്രൂപ്പുകാരനാണോ, തന്റെ സ്നേഹിതനാണോ, അറിയുന്നവനാ ണോയെന്ന് നോക്കേണ്ടതില്ല. എന്നാൽ ആധുനികതയുടെ ചു വരെഴുത്ത് വായിക്കുവാൻ പഠിക്കുകയും, അതിന്റെ പുരോഗതി യിൽ മതിമറന്നുല്ലസിക്കുകയും ചെയ്ത ആധുനിക മനുഷ്യന് സ ലാം പറയുകയെന്നുള്ളത് ഒരു അരോചകകാര്യമായിരിക്കുന്നു. മാ ത്രമല്ല, തന്റെ സഹോദരൻ മുന്നിലൂടെ കടന്നുപോയാൽ പോലും സലാം പറയുവാൻ അവന്റെ ആധുനികത അവന്ന് വഴിയൊരു ക്കുന്നില്ല. ഇതിലുള്ള പ്രവാചകചര്യയെ അവൻ കാറ്റിൽ പറത്തുക മാത്രമല്ല, പാശ്ചാത്യസംസ്കാരം പേറിക്കൊണ്ട് ഗുഡ്മോണിംഗും മറ്റും ഉരുവിട്ട് പ്രവാചകനോടുള്ള നീരസം പ്രകടിപ്പിക്കുകപോലും ചെയ്യുകയാണ്, മുസ്ലിംകൾ ശ്രദ്ധിക്കേണ്ട കാര്യമാകുന്നു ഇത്. അതുപോലെ മറ്റുചിലർ അറിയുന്നവരോട് മാത്രം സലാം പറ യുന്നു. എന്നാൽ, പ്രവാചകന്റെ ചര്യ, മുസ്ലിമായാൽ അറിയുന്ന വർക്കും അറിയാത്തവർക്കും സലാം പറയുകയെന്നതാണ്. ഇതെല്ലാംതന്റെ പ്രവാചകനോട് കാണിക്കുന്ന അവഗണന യാകുന്നു. മുസ്ലിംകൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുന്ന ഒരു ഘടകവും കൂടിയാകുന്നു സലാം പറയുന്നതെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ, മുസ്ലിംകളിലെ പണ്ഡിതൻ മാരെന്നവകാശപ്പെടുന്നവർ, യഥാർത്ഥ ഇസ്ലാമികവിശ്വാസം

വെച്ചുപുലർത്തുന്നവരോട് സലാം പറയരുതെന്ന് പ്രസംഗിക്കുകയും, എഴുതുകയും, തങ്ങളുടെ പിഞ്ചുപൈതങ്ങളുടെ ഇളം മനസ്സുകളിലേക്ക് അത് കുത്തിവയ്ക്കുകയും ചെയ്യുന്ന കാഴ്ച നാം നമ്മുടെ കൊച്ചു കേരളത്തിൽ കണ്ടുവരുന്നു. ഇവർ മനസ്സിലാക്കേണ്ട കാര്യം, ഇവരുടെ ധിക്കാരം വിശുദ്ധഖുർആനിനോടും തിരുചര്യയോടുമാ കുന്നു എന്നതാണ്. അവർക്ക് യഥാർത്ഥ ദീൻ പഠിക്കുവാനും അതിനെ പ്രചരിപ്പിക്കുവാനും അല്ലാഹു തൗഫീഖ് നൽകുമാറാറാവട്ടെ, ആമീൻ.

‘‘ഹേ സത്യവിശ്വാസികളെ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്. നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ.’’ (നൂർ: 27) സലാം പറയുന്ന ചര്യ അല്ലാഹു നമുക്ക് നൽകിയിട്ടുള്ള അനുഗ്രഹീതവും പാവനവുമായ കാര്യമാകുന്നു. അല്ലാഹു പറയുന്നു: “നിങ്ങൾ വല്ല വീടുകളിലും പ്രവേശിക്കുകയാണെങ്കിൽ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹീതവും പാവനവുമായ ഒരു ഉപചാരമെന്ന നിലയിൽ നിങ്ങൾ അന്യോന്യം സലാം പറയണം.” (നൂർ: 61)

ഇനി ഇങ്ങോട്ട് സലാം പറഞ്ഞാൽ അതിലും ഉത്തമമായതുകൊണ്ട് നാം മടക്കേണ്ടതാകുന്നു. ചുരുങ്ങിയത്, പറയപ്പെട്ട പോലെയെങ്കിലും മടക്കേണ്ടതാണ്. അല്ലാഹു പറയുന്നു: “നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അതുതന്നെ തിരിച്ചു നൽകുക.” (നിസാഅ്: 86)

ആദം (عليه السلام) മുതൽ തുടങ്ങിയ ഒരു ചര്യയാകുന്നു, ഇസ്ലാമിലെ സലാം പറയലെന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം.

പ്രവാചകൻ (ﷺ) പറയുന്നു: ‘‘അല്ലാഹു ആദമിനെ സൃഷ്ടിച്ചു, അദ്ദേഹത്തിന്റെ നീളം അറുപത് മുഴമായിരുന്നു, എന്നിട്ട് പറഞ്ഞു: നീ ആ കാണുന്ന മലക്കുകളുടെയടുത്ത് പോയി സലാം പറയുക, അവർ നിന്നെ അഭിവാദ്യം ചെയ്യുന്നത് കേൾക്കുകയും ചെയ്യുക. അതാകുന്നു നിന്റെയും നിന്റെ സന്താനങ്ങളുടെയും അഭിവാദ്യവചനം.’’

പ്രവാചകൻ (ﷺ) പറയുന്നു: “നിങ്ങൾ വിശ്വാസികളാവാതെ സ്വർഗത്തിൽ കടക്കുകയില്ല. പരസ്പരം സ്നേഹിക്കാതെ നിങ്ങൾ വിശ്വാസികളാവുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുവാനുള്ള ഒരു കാര്യത്തെപ്പറ്റി ഞാൻ അറിയിച്ചുതരട്ടെയോ? നിങ്ങൾക്കിടയിൽ സലാം പ്രചരിപ്പിക്കുക.” (മുസ്‌ലിം)

ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്റെ മേലുള്ള ബാധ്യത ആറാകുന്നു, പ്രവാചകൻ (ﷺ) ചോദിക്കപ്പെട്ടു, ഏതെല്ലാമാകുന്നു അത്. പ്രവാചകൻ (ﷺ) പറഞ്ഞു: “നീ അവനെ കണ്ടാൽ സലാം റയുക.” (മുസ്‌ലിം)

മേൽപറയപ്പെട്ട ഹദീസിൽനിന്ന് നമുക്ക് മനസ്സിലാകുന്നത്, ഇസ്‌ലാമിൽ അതിന്റെ അഭിവാദ്യമായ സലാമിനുള്ള സ്ഥാനവും, അത് പ്രചരിപ്പിക്കേണ്ട ആവശ്യകതയും, മുസ്‌ലിമായാൽ അറിയുന്നവരോടും അറിയാത്തവരോടും സലാം പറയണം എന്നുള്ള തത്വവുമാകുന്നു. ആയതിനാൽ ഒരു വിശ്വാസിയുടെ ബാധ്യതയാകുന്നു, അവൻ അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുകയെന്നുള്ളത്. പ്രവാചകന്റെയും അനുയായികളുടെയും ചര്യയും അതായിരുന്നു. ഇബ്നു ഉമർ(ﷺ)ൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: “അദ്ദേഹം അങ്ങാടികളിലേക്ക് പോകുമായിരുന്നു. സലാം പറയുവാൻ വേണ്ടിയാണ് ഞങ്ങൾ അങ്ങാടികളിൽ പോകുന്നത്, ഞങ്ങൾ കണ്ടുമുട്ടിയവരോടെല്ലാം സലാം പറയുമായിരുന്നു എന്ന് പറയാറുണ്ടായിരുന്നു.” സലാം പറയലിലൂടെ മഹത്തായ ആശയമാണ് വെളിവാകുന്നത്, അതായത് ഒരാൾ മറ്റൊരാളോട് സലാം പറയുമ്പോൾ അവിടെ പ്രകടമാകുന്നത് അവന്റെ വിനയവും മറ്റുള്ളവരോടുള്ള സ്നേഹവുമാകുന്നു. മാത്രമല്ല, അതുവഴി തന്റെ കൊച്ചു ഹൃദയം അസൂയയിൽനിന്നും, കുശുമ്പിൽനിന്നും വിദ്വേഷത്തിൽനിന്നും അഹങ്കാരത്തിൽനിന്നും നിന്ദിക്കലിൽനിന്നും മുക്തമാകുകയും ചെയ്യുന്നു.

## സലാം പറയൽ സുന്നത്തും, മടക്കൽ നിർബന്ധവും

സലാം പറയൽ സുന്നത്താണെന്നുള്ളതിന് ഒരുപാട് തെളിവുകളുണ്ട്. അതിൽപെട്ടതാണ് നാം മേൽപറഞ്ഞിട്ടുള്ള ഹദീസ്. പ്രവാചകൻ (ﷺ) പറയുന്നു: “ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്റെ മേലുള്ള ബാധ്യത ആറാകുന്നു. പ്രവാചകൻ (ﷺ) ചോദിക്ക

പ്പെട്ടു, ഏതെല്ലാമാകുന്നു അത്? പ്രവാചകൻ (ﷺ) പറഞ്ഞു: നീ അവനെ കണ്ടാൽ സലാം പറയുക.'' (ഹദീസ്)

സലാം മടക്കൽ നിർബന്ധമാണെന്നുള്ളതിന് തെളിവ് "നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ തിരിച്ചും അഭിവാദ്യം ചെയ്യണം" എന്നുള്ള ഖുർആനികവചനമാകുന്നു. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അതുതന്നെ തിരിച്ചുനൽകുക." (നിസാഅ്: 86)

ഒരാൾ വന്നിട്ട് ഒരുകൂട്ടം ആളുകളോട് സലാം പറഞ്ഞാൽ എല്ലാവരും മടക്കലാണ് ഏറ്റവും നല്ലത്. ഇനി ഒരാൾ മടക്കിയാൽ മറ്റുള്ളവർ കുറ്റത്തിൽനിന്ന് ഒഴിവായി എന്നാണ് അബൂദാവൂദ് ഉദ്ധരിക്കുന്ന ഹദീസ്.

അലിയ്യുബ്നു അബീത്വാലിബ് (رضي الله عنه) പറയുന്നു: പ്രവാചകൻ (ﷺ) പറയുന്നു: ''ഒരുകൂട്ടം ആളുകൾ നടന്നുപോകുകയാണെങ്കിൽ ഒരാൾ സലാം പറഞ്ഞാൽ മതിയാകുന്നതാണ്. ഇരിക്കുന്നയാളുകളിൽ ഒരാൾ മടക്കിയാലും മതിയാകുന്നതാണ്.'' (അബൂദാവൂദ്)

## സലാം പറയുന്നതിന്റെ രൂപം

സലാം പറയുകയാണെങ്കിൽ നബി (ﷺ) പഠിപ്പിച്ചുതന്ന രൂപത്തിൽ തന്നെ പറയേണ്ടതാകുന്നു. തിർമിദി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം. ജാബിർ ഇബ്നു സലീമുൽ ഉജൈമി (رضي الله عنه) പറയുന്നു: ഞാൻ പ്രവാചകൻ (ﷺ)ന്റെ അടുത്തുവന്ന് السلام عليكم എന്ന് പറഞ്ഞു: അപ്പോൾ നബി (ﷺ) പറഞ്ഞു: നീ അങ്ങിനെ പറയരുത്, നീ പറയേണ്ടത് السلام عليكم എന്നാകുന്നു. ഇതുപോലെ, അബൂദാവൂദിലും ഒരു ഹദീസ് കാണാവുന്നതാകുന്നു. ആയതിനാൽ ഇങ്ങനെ സലാം പറയുവാൻ പാടില്ല.

## സലാം മൂന്ന് പ്രാവശ്യം ആവർത്തിക്കാം

ജനങ്ങൾ കൂടുതലുള്ള സദസ്സുകളിലും, മറ്റുള്ള അവസരങ്ങളിലും സലാം പറഞ്ഞാൽ കേൾക്കാത്തയവസരത്തിൽ മൂന്നുപ്രാവശ്യം ആവർത്തിക്കാമെന്ന് ബുഖാരി ഉദ്ധരിക്കുന്ന ഹദീസിൽ നമു

ക്ക് കാണാം. അനസ് (ﷺ) ഉദ്ധരിക്കുന്നു: “പ്രവാചകൻ (ﷺ) ഒരു കാര്യത്തെപ്പറ്റി ഉണർത്തുകയാണെങ്കിൽ മൂന്നുപ്രാവശ്യം ആവർത്തിക്കുമായിരുന്നു. അതുപോലെ, ഒരു സമൂഹത്തിന്റെയടുത്ത് ചെന്നാൽ നബി (ﷺ) അവരോട് മൂന്നുപ്രാവശ്യം സലാം പറയുമായിരുന്നു.” ഈ ഹദീസ് ഉദ്ധരിച്ചുകൊണ്ട് ഇബ്നുഹജർ അസ്ഖലാനി ഫത്ഹുൽ ബാരിയിൽ പറയുന്നു: ഒരാൾ സലാം പറഞ്ഞിട്ട് പറയപ്പെട്ടയാളുകൾ അത് കേട്ടിട്ടില്ലായെന്ന് തോന്നുകയാണെങ്കിൽ മൂന്ന് പ്രാവശ്യം അതാവർത്തിക്കാവുന്നതാണ്, മൂന്നിൽ കൂടുതൽ ആവർത്തിക്കുവാൻ പാടില്ല.

ശബ്ദം ഉയർത്തിയാണ് സലാം പറയേണ്ടതും മടക്കേണ്ടതും. അങ്ങനെയായിരുന്നു പ്രവാചകന്റെയും സ്വഹാബികളുടെയും ചര്യ. ഇമാം ബുഖാരി തന്റെ അദബുൽ മുഫ്റദിൽ ഇബ്നു ഉമറിനെത്തൊട്ട് ഒരു അഥർ ഉദ്ധരിക്കുന്നു. ഥാബിതുബ്നു ആബിദിൽ നന്ന് അദ്ദേഹം പറയുന്നു: “ഇബ്നു ഉമർ ഉള്ള ഒരു സദസ്സിൽ ഞാൻ വന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: നീ സലാം പറയുകയാണെങ്കിൽ ശബ്ദം ഉയർത്തി പറയുക, തീർച്ചയായും അത് ഒരു ഉന്നതവും നല്ലതുമായ അഭിവാദ്യമാകുന്നു.”

ഇമാം നവവി തന്റെ അദ്കാറിൽ പറയുന്നു: “സലാം പറയുന്നവനാകണമെങ്കിൽ അവൻ നബിചര്യയനുസരിച്ച് ഉറക്കെ പറയട്ടെ, സലാം പറയുന്നത് കേട്ടിട്ടില്ലായെങ്കിൽ അവൻ സലാം പറഞ്ഞവനായി പരിഗണിക്കുകയില്ല, കേൾക്കാത്ത സലാമിന് മടക്കൽ നിർബന്ധവുമില്ല. അതുപോലെ മടക്കുന്നവനും ശ്രദ്ധിക്കേണ്ടത് തന്നോട് സലാം ചൊല്ലിയവൻ കേൾക്കുന്ന രൂപത്തിൽ ശബ്ദം ഉയർത്തി മടക്കേണ്ടതാകുന്നു, എങ്കിലേ നിർബന്ധ ബാധ്യതയായ ഫർളിൽനിന്ന് മോചിതനാവുകയുള്ളൂ, ഇല്ലായെങ്കിൽ അവന്റെ മേലുള്ള ഫർള് വീടുകയില്ല.”

**അറിയുന്നവരോടും അറിയാത്തവരോടും പറയുക**

ഇസ്‌ലാമിലെ സലാം അറിയുന്നവർക്കുള്ള ഒരു അഭിവാദ്യം മാത്രമല്ല, മറിച്ച് അറിയുന്നവർക്കും അറിയാത്തവർക്കും സമർപ്പിക്കുന്ന അഭിവാദ്യമാണെന്ന് നാം കണ്ടു. ഇതിന് പ്രവാചകചര്യയിൽ ഒരുപാടുദാഹരണം കാണാൻ സാധിക്കുന്നതാണ്.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: പ്രവാചകനോട് ഒരു സ്വഹാബി ഇസ്‌ലാമിൽ ഏതു

കാര്യമാകുന്നു ഏറ്റവും നല്ലതെന്ന് ചോദിച്ചു? അപ്പോൾ പ്രവാചകൻ (ﷺ) പറഞ്ഞു: "നീ ഭക്ഷണം നൽകുക, അറിയുന്നവരോടും അറിയാത്തവരോടും സലാം പറയുക." (ബുഖാരി, മുസ്‌ലിം)

ഇബ്നു മഷൂദി(ﷺ)ൽനിന്നും ഉദ്ധരിക്കുന്ന ഹദീസിൽ പ്രവാചകൻ (ﷺ) പറയുന്നു: "അന്ത്യനാളിന്റെ അടയാളത്തിൽ പെട്ടതാണ് അറിയുന്നവർക്ക് മാത്രം അഭിവാദ്യം ചെയ്യുകയെന്നത്." മറ്റൊരു റിപ്പോർട്ടിൽ കാണാം: "ഒരാൾ മറ്റൊരാളോട് സലാം പറയുന്നു, അവൻ അറിയുന്നവർക്കല്ലാതെ സലാം പറയുകയില്ല." (അൽബാനി സ്വഹീഹാക്കിയ ഹദീസ്)

## സദസ്സിലേക്ക് കടന്നുവരുന്നവരാണ് സലാം പറയേണ്ടത്

സാധാരണ ജനങ്ങളും മറ്റും മനസ്സിലാക്കിയ കാര്യമാകുന്നു ഇത്. മേൽ വിവരിച്ച ഹദീസിൽനിന്നും നമുക്ക് മനസ്സിലാക്കാം ഒരു സ്ഥലത്തേക്ക് കടന്നുവരുന്നവനാണ് ആദ്യം സലാം പറയേണ്ടത്. ഇതിനുള്ള തെളിവ് അബൂഹുറൈറ (ﷺ) ഉദ്ധരിക്കുന്ന ഒരു ഹദീസാകുന്നു: "പ്രവാചകന്റെ അരികിലൂടെ ഒരാൾ നടന്നുപോയി. അദ്ദേഹം സലാം പറഞ്ഞു, അപ്പോൾ നബി (ﷺ) പറഞ്ഞു: "(അയാൾക്ക്) പത്ത് കൂലിയെന്ന്" വേറെയൊരാൾ നടന്നുപോയി السلام عليك يا رسول الله എന്ന് സലാം പറഞ്ഞു. പ്രവാചകൻ (ﷺ) പറഞ്ഞു: (അയാൾക്ക്) ഇരുപത് കൂലിയെന്ന്. വേറെയൊരാൾ നടന്നുവന്ന് السلام عليكم يا رسول الله എന്ന് സലാം പറഞ്ഞപ്പോൾ (അയാൾക്ക്) മുപ്പത് കൂലിയായിയെന്ന് പ്രവാചകൻ (ﷺ) പറഞ്ഞു." (അബൂദാവൂദ്, അൽബാനി സ്വഹീഹാക്കിയ ഹദീസ്.) ഇതിൽനിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത് സദസ്സിലേക്ക് കടന്നുവരുന്നവനാണ് ആദ്യം സലാം പറയേണ്ടതെന്നാണ്.

വാഹനപ്പുറത്തുള്ളവൻ നടക്കുന്നവനോടും നടക്കുന്നവൻ ഇരിക്കുന്നവനോടും കുറച്ചുള്ളവർ കൂടുതലുള്ളവരോടും കുട്ടികൾ മുതിർന്നവരോടും സലാം പറയണം. സലാം പറയുന്നതിന്റെ മര്യാദയിൽ പെട്ടതാകുന്നു നടക്കുന്നവൻ ഇരിക്കുന്നവനോടും കുറച്ചുള്ളവർ കൂടുതലുള്ളവരോടും കുട്ടികൾ മുതിർന്നവരോടും സലാം പറയുകയെന്നുള്ളത്. ഇതിന് നബി(ﷺ)യുടെ ചര്യയിൽ ഒരുപാട് തെളിവുകളുണ്ട്.

അബൂഹുറൈറ(ﷺ)വിൽനിന്ന് നിവേദനം, നബി(ﷺ) പറഞ്ഞു: “വാഹനപ്പുറത്തിരിക്കുന്നവൻ നടക്കുന്നവനും, നടക്കുന്നവൻ ഇരിക്കുന്നവനും, കുറച്ചുള്ളവർ കൂടുതലുള്ളവർക്കും സലാം പറയണം.” (ബുഖാരി, മുസ്‌ലിം)

ബുഖാരി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ പറയുന്നു: “ചെറിയവർ വലിയവർക്കും, നടക്കുന്നവൻ ഇരിക്കുന്നവനും, കുറച്ചുള്ളവർ കൂടുതലുള്ളവർക്കും സലാം പറയണം.” (ബുഖാരി, മുസ്‌ലിം)

എന്നാൽ ഇതിനു വിപരീതമായി ആരെങ്കിലും സലാം പറഞ്ഞാൽ അതിന് കുഴപ്പമില്ല. എന്നാൽ, ഈ പറഞ്ഞ രൂപത്തിലാണ് ഏറ്റവും ഉത്തമം. വളരെ ചെറിയ കുട്ടികളോടുപോലും സലാം പറയണം. കാരണം അതവർക്ക് പരിശീലനവും ഇസ്‌ലാമികചിഹ്നങ്ങൾ മുറുകെപിടിക്കുവാനുള്ള ഒരു പ്രോത്സാഹനവുമാകുന്നു. നബി (ﷺ) അങ്ങിനെ ചെയ്തിരുന്നു. അനസുബ്നു മാലിക് (ﷺ) പറയുന്നു: “അദ്ദേഹം നബിയുടെ കൂടെ സഞ്ചരിക്കുമ്പോൾ അവരുടെയരികിലൂടെ കുട്ടികൾ കടന്നുപോയി. നബി തിരുമേനി (ﷺ) അവർക്ക് സലാം പറയുകയുണ്ടായി.” (ബുഖാരി, മുസ്‌ലിം)

## അവിശ്വാസികളോട് സലാം പറയുന്നതിന്റെ രൂപം

അവിശ്വാസികളോട് സലാം പറയുന്ന രൂപം വിശദമായി പ്രവാചകൻ (ﷺ) നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. അതിൽപെട്ടതാണ് അവിശ്വാസികളോട് അങ്ങോട്ട് സലാം പറയരുത്, മറിച്ച് ഇങ്ങോട്ട് പറഞ്ഞാൽ അതുപോലെ അങ്ങോട്ട് മടക്കാം. നബി (ﷺ) പറഞ്ഞതായി മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണുന്നു: “ജൂതക്രൈസ്തവരോട് നിങ്ങൾ സലാം കൊണ്ട് തുടങ്ങരുത്.” (മുസ്‌ലിം)

ഇനി അവർ ഇങ്ങോട്ട് സലാം പറഞ്ഞാൽ അവരോട് وعليكم എന്നു മാത്രം മറുപടി പറയുക. നബി(ﷺ)യിൽനിന്ന് അനസുബ്നു മാലിക് (ﷺ) ഉദ്ധരിക്കുന്നു: പ്രവാചകൻ (ﷺ) പറഞ്ഞു: “വേദം നൽകപ്പെട്ട ആരെങ്കിലും നിങ്ങളോട് സലാം പറഞ്ഞാൽ അവരോട് ‘വഅലൈകും’ എന്ന് പറയുക” (ബുഖാരി). ഇനി ഒരു സദസ്സിൽ മുസ്‌ലിംകളും അമുസ്‌ലിംകളും ഇടകലർന്നാണെങ്കിൽ അവരോട് സലാം പറയാം. ബുഖാരി ഉദ്ധരിക്കുന്ന നീണ്ട ഒരു ഹദീസിൽ കാ

ണാം. മുനാഫിഖായ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലും, ജൂതന്മാരും, ക്രൈസ്തവരും, വിഗ്രഹാരാധകരും അടങ്ങിയ ഒരു സദസ്സിനോട് നബി (ﷺ) സലാം പറയുകയുണ്ടായി.

### സലാം അറിയിക്കൽ

തന്റെ സഹോദരങ്ങൾക്കും കുടുംബാദികൾക്കും മറ്റും പരസ്പരം സലാം പറഞ്ഞയക്കാം. അതിനുള്ള തെളിവ് ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം. പ്രവാചകപത്നി ആയിഷ رضي الله عنها ഉദ്ധരിക്കുന്നു:

"നബി (ﷺ) ആയിഷ رضي الله عنها യോട് പറഞ്ഞു, ജിബ്രീൽ (عليه السلام) നിങ്ങൾക്ക് സലാം പറയുന്നു. അപ്പോൾ ആയിഷ رضي الله عنها 'അദ്ദേഹത്തിന്റെ മേൽ അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും ഉണ്ടാവട്ടെ'യെന്ന് സലാം മടക്കി." (ബുഖാരി)

അബൂദാവൂദ് ഉദ്ധരിക്കുന്ന ഹദീസിൽ നബി(ﷺ)യുടെയടുത്ത് ഒരാൾ വന്ന് "എന്റെ പിതാവ് നിങ്ങൾക്ക് സലാം പറഞ്ഞിട്ടുണ്ടെന്ന് അറിയിച്ചു. അപ്പോൾ നബി (ﷺ) പറഞ്ഞു: നിനക്കും നിന്റെ പിതാവിനും അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ." (അബൂദാവൂദ്)

പള്ളിയിലേക്കും വീട്ടിലേക്കും മറ്റും പ്രവേശിക്കുമ്പോൾ സലാം പറയാവുന്നതാകുന്നു. എന്നാൽ ഇമാം ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ സലാം പറയുവാൻ പാടില്ല. കാരണം ഖുത്വുബ കേൾക്കുമ്പോൾ സംസാരിക്കുവാൻ പാടില്ല. സദസ്സിൽനിന്ന് പിരിഞ്ഞുപോകുമ്പോഴും സലാം പറയണം. അബൂഹുറൈറ (رضي الله عنه) ഉദ്ധരിക്കുന്ന ഹദീസ് അബൂദാവൂദിൽ കാണാം:

"നിങ്ങളാരെങ്കിലും ഒരു സദസ്സിലേക്ക് പ്രവേശിച്ചാൽ സലാം പറയുക. അവിടെനിന്നും വിരമിക്കുവാൻ ഉദ്ദേശിച്ചാലും സലാം പറയുക. ആദ്യത്തെതും അവസാനത്തെതും ഒരേ പോലെയാകുന്നു." (അബൂദാവൂദ്)

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

*************

اسم الملف: ml_tahiyyat_islam.doc
الدليل: E:\islamhouse\data\ml\ih_articles
القالب: C:\Documents and Settings\mosap\Application Data\Microsoft\Templates\Normal.dotm
العنوان: ഇസ്ലാമിലെ അഭിവാദ്യം
الموضوع: ഇസ്ലാമിലെ അഭിവാദ്യം
الكاتب: സയ്യിദ് സഅഫര് സ്വാദിഖ്
الكلمات الأساسية: ഇസ്ലാം/കര്‍മ്മ ശാസ്ത്രം / അഭിവാദ്യം
تعليقات: ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിന്റെ മേലുള്ള ബാധ്യതയില് പെട്ട ഒന്നാകുന്നു സലാം പറയുക എന്നത്. സലാം പറയല് സുന്നത്തും മടക്കല് നിര്‍ബന്ധവുമാകുന്നു. സലാം പറയുന്നതിന്റെ രൂപം പ്രമാണങ്ങളുടെ വെളിച്ചത്തില് വിവരിക്കുന്നു.

تاريخ الإنشاء: ٢٠٠٩/٠٦/٢٣ ٠٢:٣٣:٠٠ م
رقم التغيير: ٢٥
الحفظ الأخير بتاريخ: ٢٠١١/٠٢/١٩ ١١:١٧:٠٠ ص
الحفظ الأخير بقلم: apomosap
زمن التحرير الإجمالي: ٥١ دقائق
الطباعة الأخيرة: ٢٠١١/٠٢/١٩ ١١:٢٢:٠٠ ص
منذ آخر طباعة كاملة
عدد الصفحات: ٩
عدد الكلمات: ١,٦٠٢ (تقريباً)
عدد الأحرف: ٩,١٣٧ (تقريباً)